പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം

19 [473] ശ്രീ. എം. വി. ജയരാജൻ:
" പി. സി. ജോർജ്ജ്:
ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പരിപാടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾ നവീകരിക്കുന്നതിന് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) നവീകരണ നിർദ്ദേശങ്ങൾ സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി സർക്കാർ ചർച്ച നടത്തുകയുണ്ടായോ; ഇ.ആർ.സി. പിരിച്ചുവിടണമെന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) റിഫോംസ് കമ്മിറ്റി ശുപാർശകൾ സർക്കാർ അംഗീകരിച്ചത് എപ്പോഴാണ്;

(ഇ) ഏതെങ്കിലും സ്ഥാപനം ഇതിനകം നവീകരിക്കുകയുണ്ടായോ; നവീകരണ പരിപാടിക്കുവേണ്ടി തന്നാണ്ടിലെ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തുകയുണ്ടായി; ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി?

ഉത്തരം

(എ) സംസ്ഥാനത്തെ 44 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ഇ.ആർ.സി. ശുപാർശകൾ നൽകിയിട്ടുണ്ട്. ഇതിൽ 28 സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. 16 സ്ഥാപനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(ബി) സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(സി) തൊഴിലാളി സംഘടനകളുമായി വിശദമായ ചർച്ച നടത്തിയതിനുശേഷമാണ് ഇ.ആർ.സി. ഓരോ കമ്പനിയെ സംബന്ധിച്ചുമുള്ള പഠനറിപ്പോർട്ടുകൾ സമർപ്പിക്കുന്നത് എന്നതിനാൽ സർക്കാർ പ്രത്യേകമായി ചർച്ച നടത്തിയിട്ടില്ല. കമ്മിറ്റി പിരിച്ചുവിടണമെന്ന ആവശ്യം ഉന്നയിച്ചുള്ള പരാതികൾ ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly